"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 4143 24.06.2019 ൽ മറുപടിയ്ക്ക്

## റോഡ് വികസനത്തിന് മരം മുറിക്കാൻ വനം വകുപ്പിന്റെ അനുമതി

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | | ഉത്തരം<br>ശ്രീ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ്) | |
|---|---|---|---|
| (എ) | മൂന്നാർ ഉൾപ്പെട്ടു വരുന്ന കൊച്ചി-ധനുഷ്കോടി ദേശീയപാതയുടെ വീതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ദേവികുളം ഡിവിഷനു കീഴിൽ വരുന്ന ഭാഗങ്ങളിലെ മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് അനുവാദം നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് പരിശോധിച്ചിട്ടുണ്ടോ, വ്യക്തമാക്കാമോ; | (എ) | അനുമതി 30.11.2018 തീയതിയിലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) നൽകിയിട്ടുള്ളതാണ്. കൊച്ചി-ധനുഷ്കോടി ദേശീയപാതയുടെ വീതി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മൂന്നാർ-ബോഡിമെട്ട് ഭാഗത്തു നിന്നും മുറിച്ചു നീക്കേണ്ട 1649 വിവിധയിനം മരങ്ങളുടെ ലിസ്റ്റും, സീനിയറേജ് നിരക്കിൽ കണക്കാക്കിയ തുകയും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഹൈറേഞ്ച് സർക്കിൾ 19.1.2019 ലെ സി3-6785/17 കത്ത് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ടി മരങ്ങൾ "e-auction" നടത്തി മുറിച്ച് മാറ്റുന്നതിനുള്ള നടപടി വനം വകുപ്പ് സ്വീകരിക്കുകയും മരവില അടയ്ക്കേണ്ട ബാധ്യതയിൽ നിന്ന് പൊതുമരാമത്ത് വകുപ്പിനെ ഒഴിവാക്കുകയും ചെയ്തിട്ടുള്ളതാണ്. മാത്രവുമല്ല റോഡ് നിർമ്മാണത്തിന് അടിയന്തരമായി മുറിക്കേണ്ട മരങ്ങൾക്ക് അനുമതി നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുള്ളതുമാണ്. ലോട്ട് 4-ൽ (തോണ്ടിമല-പൂപ്പാറ) ഉൾപ്പെട്ട 105 മരങ്ങൾ റോഡ് നിർമ്മാണത്തിനായി അടിയന്തരമായി മുറിച്ചു നീക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതു പ്രകാരം ആവശ്യമുള്ള 36 മരങ്ങൾ മുറിച്ചു നീക്കുകയും ചെയ്തു. അനുവാദം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടും മുറിക്കാതെ അവശേഷിച്ച ലോട്ട് 4-ലെ ബാക്കി മരങ്ങൾ ഉൾപ്പെടെയുള്ള മൊത്തം വൃക്ഷങ്ങളെ 13 ലോട്ടുകളാക്കി 13.3.2019 ൽ ഇ-ഓക്ഷൻ വഴി വിൽപ്പന നടത്തുന്നതിന് ദിനപത്രങ്ങൾ, ഇ-ഗസറ്റ് എന്നിവയിൽ പരസ്യപ്പെടുത്തി 13.3.2019 ലെ ഇ-ഓക്ഷനിൽ ആരും പങ്കെടുത്തില്ല. തുടർന്ന് 20.3.2019 ൽ പുനർലേലം നടത്തിയെങ്കിലും ടി ലേലത്തിലും ആരും പങ്കെടുത്തില്ല. തുടർന്ന് 21.3.2019 ന് അടുത്ത ലേലത്തീയതി 27.3.2019 ആയി നിശ്ചയിച്ച് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് ടി ലേലം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും പുനർലേലത്തിൽ ആളുകളെ പങ്കെടുപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും കത്തയയ്ക്കുകയുണ്ടായി. പക്ഷെ 27.3.2019 തീയതിയിലെ പുനർലേലത്തിലും ആരും പങ്കെടുക്കുകയുണ്ടായില്ല. ഇപ്പോൾ 16.7.2019ൽ 'ഇ-ലേലം' നടത്തുന്നതിന് ദിനപത്രങ്ങൾ, ഇ-ഗസറ്റ് എന്നിവയിൽ പരസ്യം നൽകി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മരം മുറിക്കൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകുപ്പിന്റെ ഭാഗത്തു നിന്നും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്. ആയത് അവലോകനം നടത്തി ആവശ്യമായ തുടർനടപടികൾ യഥാസമയം സ്വീകരിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ